**ശ്രദ്ധക്ഷണിക്കൽ**

## (1) ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേയ്ക്കുള്ള കുടിയേറ്റം

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്ന രാഷ്ട്രപിതാവിന്റെ ദർശനം നഗരവത്കരണത്തിന്റെ ഈ കാലഘട്ടത്തിൽ വളരെ പ്രസക്തമാണ്. കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ നിന്നും നഗരങ്ങളിലേയ്ക്കുള്ള കുടിയേറ്റം ക്രമാതീതമായി നടന്നുകൊണ്ടിരിക്കുന്ന വിവരമാണ് ലഭ്യമാകുന്നത്. ഗ്രാമങ്ങളിലെ കൃഷിയിടങ്ങളിൽ അദ്ധ്വാനിച്ചും മൃഗസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയും കൈത്തൊഴിലുകൾ ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിലെടുത്തും സമാധാനത്തോടെ ഗ്രാമങ്ങളിൽ താമസിച്ച് സംസ്ഥാനത്തിന്റെ ഭക്ഷ്യാവശ്യങ്ങൾ ഒരു പരിധിവരെ നിറവേറ്റിയിരുന്ന ഗ്രാമീണ ജനത വർദ്ധിച്ച തോതിൽ സ്വതവേ ജനസാന്ദ്രതയുള്ള നഗരങ്ങളിലേയ്ക്ക് കുടിയേറുന്നതുമൂലം ഉയർത്തുന്ന പ്രശ്നങ്ങൾ വളരെ ഗുരുതരമാണ്. ഡയറക്ടറേറ്റ് ഓഫ് സെൻസസ് ഓപ്പറേഷൻ 2011-ൽ നടത്തിയ സെൻസസ് പ്രകാരം ആകെ ജനസംഖ്യയുടെ 52.3 ശതമാനം ഗ്രാമപ്രദേശങ്ങളിലും 49.7 ശതമാനം നഗരപ്രദേശങ്ങളിലും ജീവിക്കുന്നുവെന്നാണ് പറയുന്നത്. 2001-ലെ സെൻസസ്പ്രകാരം നഗരവാസികൾ 25.96 ശതമാനം മാത്രമായിരുന്നു. ഏകദേശം 24 ശതമാനം വർദ്ധനവുണ്ടായിരിക്കുന്നു. നഗരങ്ങളിൽ കുടിയേറിപാർക്കുന്നതിനുള്ള പ്രധാനപ്പെട്ടൊരു കാരണം ഫ്ളാറ്റ് സംസ്കാരത്തിലേയ്ക്ക് ജനങ്ങൾ ആകൃഷ്ടരാകുന്നുവെന്നുള്ളതാണ്. മാത്രമല്ല, ഗ്രാമങ്ങളെ അപേക്ഷിച്ച് നഗരങ്ങളിൽ

സൗകര്യങ്ങൾ വർദ്ധിക്കുന്നുവെന്നതിനാൽ നഗരങ്ങളിലേയ്ക്ക് കുടിയേറുന്നു. അണുകുടുംബവ്യവസ്ഥയിലേയ്ക്ക് നീങ്ങിയ മലയാളി കുടുംബം ഇന്ന് വിദ്യാഭ്യാസത്തിന് നൽകിവരുന്ന പ്രാധാന്യവും മുമ്പത്തേക്കാൾ ഏറെയാണ്. ഗ്രാമങ്ങളെ അപേക്ഷിച്ച് നഗരങ്ങളിൽ ജോലി സാധ്യത കൂടുതലുണ്ട് എന്നതിനാലും നഗരങ്ങളെ ആശ്രയിക്കുന്നുണ്ട്. 2001-ൽ 98 സെൻസസ് നഗരങ്ങളാണ് ഉണ്ടായിരുന്നതെങ്കിൽ 2011-ൽ അത് 461 ആയി ഉയർന്നു. നഗരവത്കരണത്തിൽ ബംഗാളിന് തൊട്ടുതാഴെയാണ് കേരളത്തിന്റെ സ്ഥാനം. നഗരത്തോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങൾ കാർഷികവൃത്തിയില്ലാതായി ക്രമേണ സെൻസസ് നഗരങ്ങളായി മാറുന്നു. ഗ്രാമങ്ങളിൽ ജോലി ചെയ്യുന്നവരിൽ കർഷകർ, കർഷകത്തൊഴിലാളികൾ എന്നിവരുടെ അനുപാതം കുറഞ്ഞുവരികയാണ്. 2001-ൽ ഇത് 7 ശതമാനമായിരുന്നുവെങ്കിൽ 2011-ൽ 5.8 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. 2001-ലെ കണക്കുപ്രകാരം കേരളത്തിൽ 16,20,851 കർഷകരുണ്ടായിരുന്നുവെങ്കിൽ 2011- ആകുമ്പോഴേയ്ക്കും 13,22,850 ആയി ചുരുങ്ങിയിരിക്കുന്നു. ജോലിയെടുക്കുന്നവരുടെ ശരാശരി കണക്ക് കഴിഞ്ഞ തവണ 15.76 ആയിരുന്നുവെങ്കിൽ ഇത്തവണ 11.39 ആയി കുറഞ്ഞിരിക്കുകയാണ്. കർഷകത്തൊഴിലാളികളുടെ എണ്ണവും കുറഞ്ഞിരിക്കുന്നു. മറ്റ് തൊഴിൽ ചെയ്യുന്നവരുടെ എണ്ണം 73.6-ൽനിന്ന് 80.5 ശതമാനമായി ഉയർന്നിരിക്കുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നമ്മുടെ നാട്ടിൽ ജോലി ചെയ്യാൻ ആളെ കിട്ടുന്നില്ല. പക്ഷേ ഇതേ ആളുകൾ കേരളത്തിനുപുറത്ത് ഇതേ കൂലിക്ക് ജോലി ചെയ്യുന്നുമുണ്ട്. ഈ പ്രതിഭാസം മാറ്റിയെടുക്കാൻവേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. ഭക്ഷ്യോൽപ്പാദനത്തിലുണ്ടാകുന്ന ഇടിവുമൂലമുള്ള ദൗർലഭ്യവും ഉപഭോക്തൃ സംസ്ഥാന

ത്തിന്റെ പട്ടികയിൽപ്പെടുന്ന കേരളം, അതിന്റെ ജനതയെ തീറ്റിപ്പോറ്റാൻ അന്യ സംസ്ഥാനങ്ങളെ കൂടുതൽ കൂടുതൽ ആശ്രയിക്കേണ്ടിവരുന്നതിന്റെ സാമ്പത്തിക പ്രശ്നങ്ങളും നമ്മെ ഏറെ അലട്ടുന്നുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തിക്കുന്ന വിഷാധിഷ്ഠിത ഭക്ഷ്യവസ്തുക്കൾ കേരളീയരുടെ ആരോഗ്യ കാര്യത്തിലുയർത്തുന്ന ഭീഷണി വേറെയുമാണ്. കാലിസമ്പത്തിലധിഷ്ഠിതമായ കാർഷിക വിളകൾ അപ്രത്യക്ഷമാകുന്നു. മണ്ണ് കിളച്ചുമറിച്ച് കൃഷി നടത്താത്തതുമൂലമുള്ള ഭൂജലശേഖര ശോഷണം ഗൗരവം വർദ്ധിപ്പിക്കുന്നു. ജനബാഹുല്യംകൊണ്ട് വീർപ്പുമുട്ടുന്ന നഗരങ്ങളിലേയ്ക്ക് ഗ്രാമങ്ങളിൽനിന്നും ചെക്കേറുന്ന ജനസഞ്ചയമുയർത്തുന്ന പാർപ്പിട ദൗർലഭ്യം, പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ എന്നിവയുടെ പേരിൽ നടക്കുന്ന തർക്കങ്ങളും ഏറ്റുമുട്ടലുകളും അനുബന്ധ ഗുണ്ടാപ്രവർത്തനങ്ങളും ദിനംപ്രതി വർദ്ധിച്ചുവരികയാണ്. സൂറത്ത് നഗരത്തിലുണ്ടായ പ്ലേഗ് ബാധ മാലിന്യകൂമ്പാരത്തിൽ പെറ്റുപെരുകിയ എലികൾ കാരണമായിരുന്നുവെന്ന് കണ്ടെത്തിയിരിക്കുന്നു. മാലിന്യനിർമ്മാർജ്ജനം ഇന്ന് വലിയൊരു ഭീഷണിയാണ്. നമുക്ക് നേരിട്ട് അനുഭവപ്പെടുന്ന യാഥാർത്ഥ്യവുമാണ്. ഇത് പാരിസ്ഥിതിക പ്രശ്നം മാത്രമല്ല, നമ്മുടെ ആരോഗ്യ പ്രശ്നമായി മാറിയിരിക്കുന്നു. ജനങ്ങളെ ദുരിതത്തിലാഴ്ത്തുന്നതും പെട്ടന്ന് പടർന്ന് പിടിക്കുന്നതുമായ ചിക്കുൻഗുനിയ, ഡെങ്കി തുടങ്ങിയ രോഗങ്ങൾ കേരളത്തിന്റെ ഉറക്കം കെടുത്തുന്നു. നഗരമാലിന്യങ്ങളിൽനിന്നും അതിവേഗം പെരുകുന്ന കൊതുകുകളും ഈച്ചകളും കാരണം ഇത് നാട്ടിൻപുറങ്ങളിലേയ്ക്കും വ്യാപിക്കുന്നു. നഗരവും ഗ്രാമവും വ്യത്യാസമില്ലാതെ ഇത് മാരകമായി വളരുകയാണ്. കണക്കുകൾ അതാണ് സൂചിപ്പിക്കുന്നത്. ശാന്തവും സംതൃപ്തവുമായ ഗ്രാമീണജീവിതം തിരിച്ചുകൊണ്ടുവരാൻ അടിസ്ഥാന

സൗകര്യ വികസനം ഉൾപ്പെടെയുള്ള വികസന പരിപാടികൾ നടപ്പിലാക്കേണ്ട തായിട്ടുണ്ട്. പഠനം, ചികിത്സ, താമസം, യാത്ര, അനുബന്ധമായ മറ്റ് സൗകര്യ ങ്ങൾ എന്നിവ ഗ്രാമങ്ങളിൽ കൂടുതലുണ്ടാകേണ്ടതുണ്ട്. നഗരങ്ങളിലേയ്ക്ക് ചേക്കേറാൻ മദ്ധ്യവർഗ്ഗത്തെപ്പോലും പ്രോത്സാഹിപ്പിക്കുന്നത് ഈ പശ്ചാത്തല ത്തിലാണെന്നാണ് കാണുന്നത്. നഗരങ്ങളും ഗ്രാമങ്ങളും തമ്മിലുള്ള അസന്തു ലിതാവസ്ഥ ആരോഗ്യകരമായവിധം പരിഹരിക്കപ്പെടണം. ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അങ്ങയുടെ ശ്രദ്ധയിൽ ഈ കാര്യം കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ റിപ്പോർട്ട് ഇവിടെ സമർപ്പിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ വി. എം. ഉമ്മർ മാസ്റ്റർ ഇവിടെ ഉന്നയിച്ച പ്രശ്നം തികച്ചും ശരിയായിട്ടുള്ള ഒരു വസ്തുതയാണ്. 2001-ലെ സെൻസസ് പ്രകാരം ജനസംഖ്യയിൽ 26 ശതമാനം നഗരമേഖലയിലായിരുന്നപ്പോൾ, 2011-ലെ സെൻസസ് പ്രകാരം ജനസംഖ്യയുടെ 47.7 ശതമാനം പട്ടണപ്രദേശങ്ങളിലേയ്ക്ക് വന്നിരിക്കുന്നു. അതുപോലെതന്നെ ഗ്രാമീണമേഖലയിലുണ്ടായിരുന്ന ജനസംഖ്യ പത്തു വർഷംകൊണ്ട് 25.96 ശതമാനം കുറയുകയും ചെയ്തു. പട്ടണപ്രദേശങ്ങളി ലേയ്ക്കുള്ള കുടിയേറ്റം വളരെ അപകടകരമായ വളർച്ചയാണ്. പട്ടണങ്ങ ളിലെ ജനസംഖ്യ കൂടുന്നത് പട്ടണങ്ങളിലേയ്ക്ക് ആളുകൾ മാറിത്താമസിക്കു ന്നതുകൊണ്ട് മാത്രമല്ല, പല പട്ടണപ്രദേശങ്ങളും കോർപ്പറേഷൻ ഏരിയയും ഗ്രാമപ്രദേശങ്ങളോട് കൂട്ടിച്ചേർത്തുകൊണ്ട് വികസിപ്പിച്ചിട്ടുണ്ട്. ഇത് മുഴുവൻ പട്ടണപ്രദേശങ്ങളിലേയ്ക്കുള്ള കുടിയേറ്റമായി നമ്മൾ കാണേണ്ടതില്ല. ഇതിൽ

ഒരു നിശ്ചിത ശതമാനം ഗ്രാമപ്രദേശങ്ങൾ കൂട്ടിച്ചേർത്തതുകൊണ്ട് വന്നിട്ടുള്ളതുമുണ്ട്. എന്നാലും ഇത് അപകടകരമായ ഒരു വളർച്ചയാണ്. മുഖ്യമായും രണ്ട് കാര്യങ്ങളാണുള്ളത്. ഒന്ന്, ഗ്രാമപ്രദേശങ്ങളിലെ പ്രധാന വരുമാനമാർഗ്ഗം കൃഷിയാണ്. കൃഷിയും കൃഷിയുമായി ബന്ധപ്പെട്ട മേഖലയുടെ വളർച്ചയിൽവന്ന മുരടിച്ച തൊഴിലവസരങ്ങൾ ഗ്രാമപ്രദേശങ്ങളിൽ സൃഷ്ടിക്കുന്നതിൽ വന്നിട്ടുള്ള പോരായ്മ ഒരു പ്രധാനപ്പെട്ട ഘടകമാണ്. മറ്റൊന്ന്, ഗ്രാമപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. നഗരപ്രദേശങ്ങളിൽ എല്ലാം ലഭ്യമാകുമെന്നുള്ള സാഹചര്യത്തിൽ സ്വാഭാവികമായും നഗരങ്ങളിലേയ്ക്കുള്ള തള്ളിക്കയറ്റം..... ഇതിന് ഗ്രാമപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ...... പ്രത്യേകിച്ച് കൃഷിയുമായി ബന്ധപ്പെട്ട മേഖലയിലുള്ള അവസരങ്ങളും ഗ്രാമങ്ങളിൽനിന്ന് പട്ടണങ്ങളിലേയ്ക്ക് പോയിവരാനുള്ള ഗതാഗത സൗകര്യങ്ങളും വർദ്ധിപ്പിക്കണം. അപ്പോൾ പട്ടണത്തിൽ ജോലിയെടുക്കുന്നവർക്കുപോലും ഗ്രാമത്തിൽ താമസിച്ചുകൊണ്ട് പോയിവരാൻ സാധിക്കും. ഈ മൂന്ന് കാര്യങ്ങളിൽക്കൂടി മാത്രമേ നമുക്ക് ഇതിനൊരു പരിഹാരമുണ്ടാക്കുവാൻ സാധിക്കുകയുള്ളൂ. നമ്മുടെ പ്ലാനിംഗിൽ നമ്മൾ ഉൾക്കൊള്ളേണ്ടതായ ഒരു കാര്യം, നഗരത്തിൽ ഒരു വ്യക്തിക്ക് അടിസ്ഥാന സൗകര്യം നൽകാൻവേണ്ടി വിനിയോഗിക്കുന്നതിന്റെ പത്തിലൊന്നുകൊണ്ട് ഗ്രാമത്തിൽ ആ അടിസ്ഥാന സൗകര്യമുണ്ടാക്കിക്കൊടുക്കുവാൻ സാധിക്കും. കാരണം പട്ടണത്തിൽ ഏത് വികസന പ്രവർത്തനത്തിനും കോസ്റ്റ് പത്തിരട്ടിയാണ്. ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൊടുക്കുന്നതിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളും നമ്മുടെ പ്ലാനിംഗ് സംവിധാനവുമെല്ലാം കൂടുതലായി

ശ്രദ്ധ കേന്ദ്രീകരിക്കണം. സാമ്പത്തികമായും അത് നേട്ടമായിരിക്കും. നഗരവൽക്കരണത്തിലേയ്ക്കുള്ള ഈ പോക്കിന് വേഗത കുറയ്ക്കാനും സാധിക്കും. ആ രീതിയിലുള്ള ഒരു സമീപനമാണ് ആവശ്യമെന്ന് വ്യക്തമാക്കുവാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഈ സാഹചര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു വിദഗ്ദ്ധ സമിതിയെ നിശ്ചയിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇതിന്റെ കാര്യങ്ങൾ ഞാൻ ഇവിടെ പറഞ്ഞു കഴിഞ്ഞു. നഗരവൽക്കരണത്തിന് അമിതമായ ആവേശം ഒരിക്കലും ഗുണം ചെയ്യുകയില്ല. നമുക്ക് അത് കുറച്ചുകൊണ്ടുവന്നേ പറ്റൂ. നഗരപ്രദേശങ്ങളിൽ കേന്ദ്ര ഗവൺമെന്റ് തൊഴിലുറപ്പ് പദ്ധതി കൊണ്ടുവന്നിട്ടില്ല. ഗ്രാമങ്ങളിലാണ് കൊണ്ടുവന്നിരിക്കുന്നത്. ഗ്രാമങ്ങളിലെ ജനങ്ങൾക്ക് തൊഴിലവസരങ്ങളുണ്ടാക്കാനും അവർക്ക് ജീവിതോപാധികൾ...... വഴി കാണിച്ചുകൊടുക്കാനും വേണ്ടിയുള്ള നിരവധി ശ്രമങ്ങൾ കേന്ദ്ര ഗവൺമെന്റ് ഇപ്പോൾത്തന്നെ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ അവരുടെ പ്ലാനിംഗിൽ ആ ഒരു സമീപനമെടുത്തേ മതിയാകൂ. എടുക്കുന്നത് ആവശ്യവുമാണ്.

## (2) സ്വകാര്യ ചടങ്ങുകളിലെ ധൂർത്ത് അവസാനിപ്പിക്കുന്നതിന് നടപടി

ശ്രീ. മാത്യു റ്റി. തോമസ്: സർ, സംസ്ഥാനത്ത് വിവാഹം മുതലായ സ്വകാര്യ ചടങ്ങുകളുമായി ബന്ധപ്പെട്ട് വർദ്ധിച്ചുവരുന്ന ആഢംബരവും ധൂർത്തും ഒരു സാമൂഹ്യ വിപത്തായി കണ്ട് ആയവ നിയന്ത്രണവിധേയമാക്കുന്നതിന് ബോധവൽക്കരണം, നിയമനിർമ്മാണം തുടങ്ങിയ നടപടികൾ സ്വീക

രിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചാണ് ശ്രദ്ധക്ഷണിക്കുന്നത്. അങ്ങയുടെ സെക്രട്ടേറിയറ്റ് കാര്യവിവരപ്പട്ടിക തയ്യാറാക്കിയപ്പോൾ വിവാഹം, വർദ്ധിച്ചുവരുന്ന ആഢംബരം, സാമൂഹ്യവിപത്ത്, ബോധവൽക്കരണം, നിയമ നിർമ്മാണം എന്നീ വാക്കുകളില്ല. എന്താണോ പറയാൻ ശ്രമിക്കുന്നത് അതിന്റെ മുഴുവൻ ആത്മാവും നഷ്ടപ്പെടുന്ന രീതിയിലാണ് കാര്യവിവരപ്പട്ടിക ഇവിടെ അച്ചടിച്ച് വിതരണം ചെയ്തിരിക്കുന്നത്. അതിൽ വലിയ സങ്കടമുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഞാൻ അത് പറയാം. പ്രിന്റ് ചെയ്തപ്പോൾ തെറ്റ് പറ്റിപ്പോയി. ഇത്തരത്തിൽ ഇനി ആവർത്തിക്കരുതെന്ന് സ്ട്രിക്റ്റായ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, നന്ദി. വിവാഹംപോലെയുള്ള സ്വകാര്യ ചടങ്ങുകളിലെ അനാവശ്യമായ ആഡംബരവും ധൂർത്തും നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരികയാണ്. വിവാഹം മാത്രമല്ല മരണംപോലും ഇന്നൊരു ആഢംബരമായി മാറിയിരിക്കുകയാണ്. മാമൂദീസയടക്കമുള്ള എല്ലാ ചടങ്ങുകളും നാട്ടിലെ പ്രൗഢി കാണിക്കാനുള്ള അവസരമാക്കി കാണിക്കുന്ന ഒരു അഹംഭാവത്തിന്റെ സംസ്ക്കാരം നമ്മുടെ നാട്ടിൽ വളർന്നിരിക്കുകയാണ്. ജാതിമത വ്യത്യാസമില്ലാതെ ചെലവാക്കാവുന്നിടത്തോളം ചെലവാക്കിക്കൊണ്ട് പ്രൗഢി കാണിക്കുകയെന്ന പ്രവണത നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരികയാണ്. ഒരു സാമൂഹിക സമ്മർദ്ധമായി അത് മാറിയിരിക്കുക യാണ്. ഏറ്റവും കൂടുതൽ അത് അനുഭവപ്പെടുന്ന ഒരു രംഗമെന്നു പറയുന്നത് വിവാഹമാണ്. ക്ഷണക്കത്ത് അച്ചടിക്കുന്നയിടത്ത് ആരംഭിക്കുകയാണ്. 500 രൂപയിലധികം ചെലവാക്കികൊണ്ടാണ് ഒരു ക്ഷണക്കത്ത് അടിക്കുന്നത്. ടിൽറ്റിൽ അച്ചടിച്ച് അതിനെ പട്ടുകൊണ്ട് പൊതിഞ്ഞ് റിബൺ ചുറ്റി കവറിന്

പകരം പ്രത്യേക ബോക്സിലാക്കി തയ്യാറാക്കുന്ന ക്ഷണക്കത്തുകൾക്ക് 500 രൂപയിലധികം ചെലവു വരികയാണ്. വിവാഹത്തേക്കാൾ കെങ്കേമമായി വിവാഹ നിശ്ചയം നടത്തുന്ന ഒരു അവസ്ഥയുണ്ട്. അയൽപക്കത്തെ വീട്ടിൽ 100 പവനാണ് സ്വർണ്ണം കൊടുത്തതെങ്കിൽ താൻ ഒരു കിലോ സ്വർണ്ണം വാങ്ങിച്ചു മകൾക്ക് കൊടുക്കണമെന്ന ചിന്താഗതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വിവാഹവുമായി ബന്ധപ്പെട്ട് കാർ വാങ്ങി കൊടുക്കുന്നു. പോക്കറ്റ് മണി കൊടുക്കുന്നു. സ്ത്രീധനം നിയമംമൂലം നിരോധിച്ചതാണെങ്കിലും ഇന്ന് മിക്ക വിവാഹങ്ങളും സ്ത്രീധനത്തെ അടിസ്ഥാനപ്പെടുത്തിതന്നെയാണ് നടക്കുന്നത്. ഫ്ളാറ്റുകൾ നിർമ്മിച്ചുകൊടുക്കുന്നു, വീട് നിർമ്മിച്ചുകൊടുക്കുന്നു, അയ്യായിരത്തിലധികം ആളുകൾ സദ്യയ്ക്കെത്തിയാൽ മാത്രമേ തങ്ങൾക്ക് നാട്ടിലൊരു സ്റ്റാറ്റസുണ്ടാകൂ എന്ന ചിന്താഗതിയാണ് പലർക്കും. ജൂൺ 5-ാം തീയതി ലോക പരിസ്ഥിതി ദിനമായിരുന്നു. അന്നത്തെ ഒരു പ്രധാന മുദ്രാവാക്യമായി യുണൈറ്റഡ് നേഷൻസ് പറഞ്ഞത്. Think Eat Save എന്നാണ്. മലയാളത്തിൽ അതിന്റെ വിവർത്തനം കരുതലോടെ ഭക്ഷണം, മിച്ചമാക്കി പാഴാക്കരുത് എന്നാണ്. ചടങ്ങുകൾ അവിടം കൊണ്ടവസാനിക്കുന്നില്ല. വിവാഹം കഴിഞ്ഞാലുടൻ പെൺകുട്ടിയുടെ വീട്ടുകാർ വരന്റെ വീട്ടിലേയ്ക്ക് അടുക്കള കാണാൻ പോകുമ്പോൾ ഫർണീച്ചർ മുതലായ കാര്യങ്ങൾ എത്തിച്ചുകൊടുക്കണം. വധു ഗർഭിണിയായാൽ വരനിടുന്ന മാലയ്ക്ക് ഒരു പേരുണ്ട്, മിടുക്കൻ മാല. വധുവിനെ ഗർഭിണിയാക്കിയ അവൻ മിടുക്കനാണ്. എല്ലാ സംവിധാനങ്ങളും വധുവിന്റെ വീട്ടുകാർക്ക് കൂടുതൽ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്ന തരത്തിലാണ് വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. വിവാഹം ഒരിക്കൽ മാത്രമേയുള്ളൂ, അത്

ഏറ്റവും ഭംഗിയായി നടത്തണമെന്ന് ചിന്താഗതി ചില ഭാഗത്തുണ്ട്. പക്ഷേ, ആർക്കും പ്രയോജനമില്ലാത്ത തരത്തിൽ വിവാഹത്തിലേർപ്പെടുന്ന വധൂവരൻമാർക്കോ അവരുടെ മാതാപിതാക്കൾക്കോ കുടുംബങ്ങൾക്കോ അവരുടെ ഭാവിക്കോ ഒന്നും ഒരു പ്രയോജനവുമുണ്ടാകാത്ത രീതിയിൽ ഒരു ജീവിത കാലത്ത് സമ്പാദിച്ചതു മുഴുവൻ ഒറ്റ മണിക്കൂർ കൊണ്ട് തിന്നുതീർത്ത് അവസാനിപ്പിക്കുന്ന, നശിപ്പിച്ചുകളയുന്ന ഒരു പ്രവണത ഇന്ന് വർദ്ധിച്ചുവരികയാണ്. ഇതൊക്കെ മേളകളായി മാറിയിരിക്കുകയാണ്. ആഗോള സാമ്പത്തിക മാന്ദ്യമോ സ്വർണ്ണത്തിനുണ്ടാകുന്ന വിലക്കയറ്റമോ ഒന്നും ഈ മേളകളെ ബാധിച്ചിട്ടില്ല. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും മധ്യവർത്തികളുമാണ് ഇതിൽ ഏറ്റവും കൂടുതൽ ദുരന്തമനുഭവിക്കുന്നത്. കല്യാണങ്ങൾ വലുതാകുംതോറും ഹാളുകളും ഹാളുകൾ വലുതാകുംതോറും കല്യാണങ്ങളും നമ്മുടെ നാട്ടിൽ വലുതായികൊണ്ടിരിക്കുകയാണ്. ഈ ഒരു സാമൂഹിക പശ്ചാത്തലത്തിൽ നമ്മുടെ നാട്ടിലെ ജനങ്ങളുടെ ചിന്താഗതിയിലും കാഴ്ചപ്പാടിലും വലിയ മാറ്റമുണ്ടായിരിക്കുന്നു. സാമുദായിക നേതാക്കളും ആത്മീയ നേതാക്കളും ഒരുകാലത്ത് ഇത്തരം ധൂർത്തുകളെ എതിർത്തിരുന്നു, നിരുത്സാഹപ്പെടുത്തിയിരുന്നു. പക്ഷേ, ഇന്ന് അത്തരത്തിലുള്ള എതിർപ്പോ, നിരുത്സാഹപ്പെടുത്തലോ ഒരു ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ഇന്ന് കച്ചവടമൂല്യമാണ്. കൂടുതൽ വരുമാനമുണ്ടാകണം, ഹാൾ വാടക കിട്ടണം. ഒരു കാലഘട്ടത്തിൽ പൊതുപ്രവർത്തകർ ആഡംബരമൊഴിവാക്കി വിവാഹത്തിൽ മാതൃക കാട്ടിയിരുന്നു. ഇന്ന് ജനക്കൂട്ടം കൂടുന്നത് ജനസമ്മതിയുടെ അളവുകോലായി ചില പൊതുപ്രവർത്തകരെങ്കിലും ദൃഷ്ടാന്തം കാണിച്ചുകൊണ്ടിരിക്കുകയാണ്. വി.ഐ.പി.കൾ കല്യാണത്തിനെത്തുന്നത് മേധാവിത്വത്തിന്റെ ഒരടയാളമായി ഇന്ന് നാട്ടിൽ മാറിയിരിക്കുന്നു.

അതുകൊണ്ട് പല കുടുംബങ്ങളും കടക്കെണിയിലാവുകയും മാതാപിതാക്കളടക്കമുള്ള ആളുകൾ ആത്മഹത്യ ചെയ്യുകയും ചെയ്യുന്നു. ഒരു കാലത്തും കരകയറാനാകാത്ത കടത്തിലേയ്ക്ക് വിവാഹങ്ങൾ പല കുടുംബങ്ങളെയും കൊണ്ടെത്തിക്കുന്ന സാമൂഹ്യവിപത്തായി, സാമൂഹ്യ തിൻമയായി നാട്ടിൽ വളർന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ ഒരു ഘട്ടത്തിൽ നാമെത്തി നിൽക്കുകയാണ്. സ്ത്രീധന നിരോധന നിയമമുണ്ട്. പക്ഷേ, ആ നിയമം ഇന്ന് തീർത്തും അപര്യാപ്തമാണ് എന്ന് വെളിവാക്കപ്പെട്ടിരിക്കുകയാണ്. സ്ത്രീധന നിരോധന നിയമത്തെ ആരും ഗൗനിക്കുന്നില്ലെന്ന് മാത്രമല്ല പുതിയ രൂപത്തിലാണ് വിപത്തുകൾ വരുന്നത്. സദ്യയുടെ രൂപത്തിൽ, വലിയ ഹാൾ വാടകയുടെ രൂപത്തിൽ, കാറുകളുടെ രൂപത്തിൽ അങ്ങനെ മറ്റു പല രൂപത്തിൽ വന്നുകൊണ്ടിരിക്കുമ്പോൾ ഇന്നത്തെ നിയമം അപര്യാപ്തമാണെന്ന് ബോദ്ധ്യപ്പെട്ട് ഒരു പുതിയ നിയമ നിർമ്മാണത്തിന് സർക്കാർ തയ്യാറാകണം. ആഡംബര വിവാഹങ്ങൾ ഒരു സാമൂഹ്യവിപത്തായി കണ്ട് അത് ശിക്ഷാർഹമാകുന്ന രീതിയിലുള്ള നിയമനിർമ്മാണം നാട്ടിൽ കൊണ്ടുവരാൻ കഴിയണം. ഈ സാമൂഹിക തിൻമകൾ എതിർക്കപ്പെടേണ്ടതാണ് എന്ന തരത്തിൽ സാംസ്കാരിക മേഖലയിലും പൊതുപ്രവർത്തന മേഖലയിലും വലിയ ബോധവൽക്കരണം ഉണ്ടാകണം. ഇത്തരം നടപടികൾക്ക് ബഹുമാനപ്പെട്ട ഗവൺമെന്റ് മുൻകൈയെടുക്കണം എന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. മാത്യു റ്റി. തോമസ് ശ്രദ്ധക്ഷണിക്കലിലൂടെ കൊണ്ടുവന്നത് ഇന്ന് നമ്മുടെ സമൂഹം നേരിടുന്ന വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. നിയമനിർമ്മാണത്തിന്റെ ആവശ്യകത ഞാൻ പൂർണ്ണമായി തള്ളിക്കളയുന്നില്ല. പക്ഷേ, നിയമം കൊണ്ടല്ല സ്വയമേവ

യുള്ള തീരുമാനം കൊണ്ട് ഒരു സാമൂഹ്യചിന്തയിലൂടെ ഇതിനൊരു പരിഹാര മുണ്ടാക്കണം. അതിന് നമ്മൾ മുൻകൈയെടുക്കണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ഇതൊരു സാമൂഹ്യവിപത്താണ്. ഇതുമൂലം പല കുടുംബങ്ങളും കടക്കെണിയിലാകുന്നു. വലിയ സാമ്പത്തിക പ്രശ്നങ്ങളി ലേയ്ക്ക് പല കുടുംബങ്ങളും പോകുന്നത് ഇതുപോലെയുള്ള ധൂർത്തി ന്റെയും ആർഭാടത്തിന്റെ പുറകെ പോകുന്നതുകൊണ്ടാണെന്ന് പറഞ്ഞതി നോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. പക്ഷേ, അതിന് ശക്തമായിട്ടുള്ള ബോധവൽക്കരണവും ഇതിനെതിരെ സാമൂഹിക ചിന്ത ഉയർത്തികൊണ്ടു വരുന്നതിന് പ്രചാരണം നടത്തിയും, ആ രീതിയിലുള്ള പ്രവർത്തനങ്ങളി ലൂടെ ഒരു സാമൂഹ്യ മനോഭാവം വളർത്തിയെടുത്താൽ മാത്രമേ ഇതിന് കാത ലായ പരിഹാരമുണ്ടാക്കാൻ കഴിയൂ. കേരള വനിതാ കമ്മീഷന്റെ സഹായ ത്തോടെ കേരള വനിതാ സോപ്സ് ഇൻഡസ്ട്രീസ് ഫെഡറേഷൻ ഒരു പഠനം നടത്തി "ആർഭാട വിവാഹം നടത്തി കടക്കെണിയിലായവർ" എന്ന ഒരു പഠന റിപ്പോർട്ട് ഗവൺമെന്റിലേയ്ക്ക് തന്നിട്ടുണ്ട്. അതിനകത്ത് പല നിർദ്ദേശങ്ങളും കണ്ടെത്തലുകളും അവരുടെതായ ശുപാർശകളുമുണ്ട്. അതുപോലെ ഇതിനുവേണ്ടി നടത്തിയ ശില്പശാലയിൽ ഉയർന്നുവന്നിട്ടുള്ള നിർദ്ദേശ ങ്ങളും ശുപാർശകളുമുണ്ട്. അതിനകത്തും ഈ ആർഭാടവും ധൂർത്തും നിയന്ത്രിക്കണമെന്നുള്ളതിന് വ്യക്തമായ നിർദ്ദേശങ്ങളുണ്ട്. നിയമനിർമ്മാണം വേണമെന്നുള്ള അഭിപ്രായങ്ങളുണ്ട്. ഒരു ചടങ്ങിന് ഒരു പരിപാടി മാത്രമായി ചുരുക്കുക. അതായത് വിവാഹത്തിൽ വിവാഹ നിശ്ചയവും വിവാഹത്തിന് ശേഷവുമുള്ള പല ചടങ്ങുകളുമൊഴിവാക്കി ചടങ്ങുകളുടെ എണ്ണം കുറയ്ക്കുക എന്നുള്ളതാണ്. അങ്ങനെയുള്ള പല നിർദ്ദേശങ്ങളുമുണ്ട്. ഇത്

സ്ത്രീധനത്തിനെതിരെ, വിവാഹത്തിന്റെ ധൂർത്തിനും ആഡംബരത്തിനു മെതിരെയൊക്കെ സമൂഹത്തിൽ ഉയർന്നുവരേണ്ട ഒരു ചിന്തയാണ്. അതോടൊപ്പംതന്നെ നിയമനിർമ്മാണമെന്നുള്ളതിനെക്കുറിച്ചും ഒരു പൊതു നിർദ്ദേശമായി എടുത്തുകൊണ്ട് എല്ലാ ഫോറങ്ങളിലും ഒരു ചർച്ച വരുന്നതിനെ ഞാൻ എതിർക്കുന്നില്ല. പക്ഷേ, അത് ഒന്ന് പാകപ്പെട്ടതിനു ശേഷം മാത്രമേ നിയമനിർമ്മാണത്തിലേയ്ക്ക് കടക്കാൻ നമുക്ക് സാധിക്കൂ. ഏതായാലും അങ്ങ് ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് പൂർണ്ണമായി യോജിക്കുന്നു. അതിന് കൂട്ടായിട്ടുള്ള ഒരു ശ്രമം തുടങ്ങി വയ്ക്കാമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. മാത്യു റ്റി. തോമസ്: സർ, സ്ത്രീധന നിരോധന നിയമം നടപ്പിലായി വർഷങ്ങളായെങ്കിലും ആ നിയമം ഉണ്ടെന്നല്ലാതെ സ്ത്രീധനം കൊടുക്കൽവാങ്ങലുകൾ വിവാഹവുമായി ബന്ധപ്പെട്ട് വളരെ വൻപിച്ച തോതിൽ ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. കുറഞ്ഞപക്ഷം സ്ത്രീധന നിരോധന നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഫലപ്രദമായ നടപടികളിലേയ്ക്ക് നീങ്ങാനെങ്കിലും സർക്കാർ തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, സ്ത്രീധന നിരോധന നിയമം പ്രാബല്യത്തി ലുണ്ട്, അതുകൊണ്ട് പരസ്യമായ പ്രഖ്യാപനങ്ങളോ, കൈമാറ്റങ്ങളോ നിന്നിട്ടു ണ്ടെന്നതൊഴിച്ചാൽ ബാക്കിയുള്ള കാര്യങ്ങൾ നടക്കുന്നുണ്ട്. ഈ നിയമ ത്തിൽ ചില പഴുതുകളുണ്ട്. സ്ത്രീധന നിയമത്തിലെ പഴുതുകൾ അടച്ച് സ്ത്രീധനം പൂർണ്ണമായി നിരോധിക്കുന്നതിനുള്ള അഭിപ്രായങ്ങളും ശുപാർശകളും ഇതിനകത്തുണ്ട്. അത് നിശ്ചയമായും പരിശോധിക്കുന്നതാണ്.

(സബ്മിഷനുകൾ)